(ഇ) ഈ ദിവസം ഞായറാഴ്ച ആയിരുന്നതിനാൽ അവധിദിനമായിരുന്നു;

(എഫ്) ഓരോ ദിവസവും പണിമുടക്കിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്:

ആഗസ്റ്റ്	7	.. 41
ആഗസ്റ്റ്	8	.. 45
ആഗസ്റ്റ്	9	.. 43
ആഗസ്റ്റ്	12	.. 36
ആഗസ്റ്റ്	13	.. 34
ആഗസ്റ്റ്	14	.. 34
ആഗസ്റ്റ്	16	.. 33
ആഗസ്റ്റ്	17	.. 33

(ജി) ആറുപേർ പണിമുടക്കുകയുണ്ടായി;

(എച്ച്) പണിമുടക്കിയതിന്റെപേരിൽ രണ്ടുപേരെ പേഴ്സണൽ സ്റ്റാഫിൽനിന്നും നീക്കം ചെയ്തിട്ടുണ്ട്;

(ഐ) ഇല്ല.

12-8-1985 മുതൽ പണിമുടക്കിയ ഗസറ്റഡ് ഓഫീസർമാർ

3 [5] ശ്രീ. ലോനപ്പൻനമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

12-8-1985 മുതൽ ഗസറ്റഡ് ആഫീസർമാരുടെ പണിമുടക്കിൽ എത്ര പേർ പങ്കെടുത്തു?

ഉത്തരം

സെക്രട്ടേറിയറ്റിൽ 346-നും 368-നുമിടയ്ക്ക് ഗസറ്റഡ് ആഫീസർമാർ പണിമുടക്കി. മറ്റു വകുപ്പുകളിലെ വിവരം ശേഖരിച്ചുവരുന്നു.

സർക്കാർ ജീവനക്കാരുടെ പണിമുടക്കിനോടനുബന്ധിച്ച് പിരിച്ചുവിടപ്പെട്ടവർ

4 [7] ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. കെ. ബാലകൃഷ്ണൻ:
,, വി. സി. കബീർ:
,, ടി. പി. പീതാംബരൻമാസ്റ്റർ:
,, കെ. ശങ്കരനാരായണപിള്ള:
,, പി. വിജയ ദാസ്:
,, സിറിയക് ജോൺ:
,, എ. വി. താമരാക്ഷൻ:
,, ആർ. എസ്. ഉണ്ണി:
,, കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) 1985 ആഗസ്റ്റ് 7-ാംതീയതിമുതൽ 17-ാംതീയതിവരെ നടന്ന സർക്കാർ ജീവനക്കാരുടെ പണിമുടക്കിനോടനുബന്ധിച്ച് ആരെയൊക്കെയാണ് പിരിച്ചുവിട്ടത്;

(ബി) ആരെയൊക്കെയാണ് സസ്പെൻറ് ചെയ്തത്?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ അഡീഷണൽ സെക്രട്ടറി ശ്രീ. സി. ജെ. ജോസഫിനെ നിർബന്ധിത പെൻഷൻ നൽകി പിരിച്ചുവിട്ടിട്ടുണ്ട്. സമര കാലത്ത് അനധികൃതമായി ജോലിക്ക് ഹാജരാകാത്ത താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടണമെന്ന് ഗവൺമെൻറ് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം ആരെയെങ്കിലും പിരിച്ചുവിട്ടിട്ടുണ്ടോ എന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

വീട്ടുവാടക അലവൻസ് സംബന്ധിച്ച് നാലാം ശമ്പളക്കമ്മീഷൻറെ ശുപാർശകൾ

5 [8] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട്ടുവാടക അലവൻസ് സംബന്ധിച്ച് നാലാം ശമ്പളകമ്മീഷൻറെ ശുപാർശകൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) ഈ ശുപാർശകൾ സർക്കാർ അംഗീകരിച്ചുവോ;

(സി) എങ്കിൽ എന്നുമുതൽക്കാണ് ഇത് നടപ്പാക്കുക?

ഉത്തരം

(എ) ഗ്രാമപ്രദേശങ്ങളിലെ നിലവിലുള്ള വീട്ടുവാടക അലവൻസിൻറെ നിരക്ക് പ്രതിമാസം 10 രൂപയിൽനിന്നും 20 രൂപയായി വർദ്ധിപ്പിക്കുന്നതിനും ജില്ലാ ആസ്ഥാനങ്ങൾ, മുനിസിപ്പാലിറ്റികൾ, ഗുരുവായൂർ ടൗൺഷിപ്പ്, താലൂക്ക് ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ നിലവിലുള്ള പരിധി 30 രൂപയിൽനിന്ന് 100 രൂപയായും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, എന്നീ കോർപ്പറേഷനുകളിൽ ഈ പരിധി 50 രൂപയിൽനിന്ന് 150 രൂപയായും ഉയർത്തുന്നതിന് നാലാം ശമ്പളകമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ കോർപ്പറേഷനുകളുടേയോ മുനിസിപ്പാലിറ്റികളുടേയോ സമീപത്തു സ്ഥിതിചെയ്യുന്ന ചില പ്രത്യേക സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കോർപ്പറേഷനും മുനിസിപ്പാലിറ്റിക്കും ബാധകമായ നിരക്കുകൾ അനുവദിക്കണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) ഒടുവിൽ പറഞ്ഞതൊഴിച്ച് ബാക്കി ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

(സി) 1985 സെപ്തംബർ മാസം ഒന്നാംതീയതിമുതൽ.

LIBRARY ARCHIVES Kerala Legislative Assembly